# വ്യാപാരകേരളം

വ്യാപാര-വ്യവസായ കേരളത്തിന്റെ ഓൺലൈൻ മുഖമാസിക

ലക്കം 2 | പേജുകൾ 20 | മേയ് 2019




- പണപ്പെരുപ്പത്തിന്റെ നാളുകൾ
- അനിശ്ചിതത്വം വിപണിയിൽ
- തകർച്ച എന്തുകൊണ്ട്?
- അവധികാല വിനോദങ്ങൾ
- നികുതിപാഠങ്ങൾ

മുഖച്ചിത്രം: ഡ്രീം വേൾഡ് വാട്ടർ പാർക്ക്, അതിരപ്പിള്ളി

# എഡിറ്റോറിയൽ

നല്ല നിലയിൽ പ്രവർത്തിച്ചുവന്ന ചില സ്ഥാപനങ്ങൾ, കടംകയറി പൂട്ടിപോയ സംഭവങ്ങൾ നാമേറെ കണ്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കാരണങ്ങൾ പലതാകാം. ശ്രദ്ധിച്ചിരുന്നെങ്കിൽ ഒഴിവാക്കാമായിരുന്ന ചില പ്രതികൂല സാഹചര്യങ്ങളും ഇതിൽ കണ്ടേക്കാം.

ഏറെ ശ്രദ്ധിച്ചിട്ടും ശ്രമിച്ചിട്ടും തകർന്നുപോകുന്ന ബിസിനസ് സംരംഭങ്ങൾ ഉണ്ട്. അപ്രതീക്ഷിത പ്രഹരങ്ങൾ ഏറ്റിട്ടാകാം ഇതേറെയും സംഭവിക്കുക. സാഹചര്യങ്ങൾ പ്രതികൂലമാകുമ്പോൾ, പൂർണ്ണ തകർച്ച ഒഴിവാക്കി, പിടിച്ചുനിൽക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജിതമാക്കേണ്ടതുണ്ട്. ഇതിന് വർക്ക് പ്ലാനിൽ ചടുലമാറ്റങ്ങൾ വരുത്തുകയാണ് വേണ്ടത്.

അശ്രദ്ധയും അലംഭാവവും നിമിത്തം ഷട്ടറിട്ടു പോയ ബിസിനസ് സ്ഥാപനങ്ങളും നമുക്കു മുന്നിലുണ്ട്. ഏതൊരു സ്ഥാപനത്തിന്റെയും വളർച്ചയിലും തകർച്ചയിലും പ്രധാന പങ്കുവഹിക്കുന്നത് സാമ്പത്തിക അച്ചടക്കം എന്ന ഘടകമാണ്. വളർച്ച രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളിലേക്ക് പല വഴികളിൽ കൂടിയും ധനം എത്തിച്ചേരും. സ്ഥാപനത്തിന് ഇതിൽ സ്വന്തമെന്നു കരുതാവുന്നത്, ക്രയവിക്രയത്തിലെ മാർജിൻ മാത്രമാണ്. അതിന്റെ ശതമാനം ഏറിയും കുറഞ്ഞുമിരിക്കും. വന്നുചേർന്ന സംഖ്യയുടെ ചെറിയ ശതമാനം മാത്രമായിരിക്കും ലാഭവിഹിതം. ബാക്കി മുഴുവനും താൽക്കാലികമായി ഉപയോഗിക്കുവാൻ മാത്രമേ സ്ഥാപന സാരഥികൾക്ക് അവകാശമുള്ളൂ. ഇതത്രയും കൊടുത്തു തീർക്കേണ്ടതാണെന്ന അവബോധം രൂഢമൂലമായിട്ടുണ്ടെങ്കിൽ, വൻവീഴ്ചകൾ സംഭവിക്കാതെ, സുസ്ഥിര വളർച്ച സ്ഥാപനത്തിന് നേടികൊടുക്കുവാൻ അതിന്റെ സാരഥികൾക്ക് കഴിയും.

ലാഭവിഹിതം മാത്രം ചെലവഴിച്ചാൽ സ്ഥാപനം വളരില്ല. സമാഹരിക്കപ്പെട്ട പണം ശരിയായി വിനിയോഗിച്ച് അടിത്തറ ശക്തിപ്പെടുത്തുകയും, വ്യക്തമായ ആസൂത്രണത്തിലൂടെ സ്ഥാപനത്തിന്റെ ലാഭചരിത്രം സ്ഥിരപ്പെടുത്തുകയുമാണ് ചെയ്യേണ്ടത്.

ഒറ്റയാൾ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾക്കാണ് ഏറെയും വീഴ്ചകൾ സംഭവിച്ചിട്ടുള്ളത്. ഡയറക്ടർ ബോർഡ് ഉണ്ടെങ്കിൽ തന്നെയും, അതിനെ നോക്കുകുത്തിയാക്കി, അഭിപ്രായരൂപീകരണം കൂടാതെ, ഒറ്റയാൾ ഭരണം നിർവഹിക്കപ്പെടുന്നത്, പലപ്പോഴും വൻവീഴ്ചകൾക്ക് കാരണമായിട്ടുണ്ട്.

ബിസിനസ് തകർച്ച എന്തുകൊണ്ട് എന്ന സങ്കീർണപ്രശ്നത്തിന്റെ കാതലായിട്ടുള്ള സാമ്പത്തിക അച്ചടക്കമില്ലായ്മ മാത്രമാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്. അനുബന്ധകാരണങ്ങൾ ഏറെ കാണുമെങ്കിലും, സാമ്പത്തിക അച്ചടക്കത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അവയൊക്കെ സമയബന്ധിതമായി മറികടക്കുവാൻ സാധിക്കും എന്നതാണ് യാഥാർഥ്യം.

**-സി.ആർ.രാജൻ,**
മാഗസിൻ എഡിറ്റർ


ഓഫീസ്:
**വ്യാപാരകേരളം.കോം**
**(ഓൺലൈൻ ബിസിനസ് മാസിക)**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ-680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

മാഗസിൻ എഡിറ്റർ:
**സി. ആർ. രാജൻ**

ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
**റയൻ ജോസഫ്**

# സർഗ്ഗാത്മകത്വം തന്നെയാണ് മൂലധനം




**ദേവൻ നായർ**
Director, Sonnet Creations Pvt Ltd. Thrissur


ആധുനിക കാലത്തെ ബിസിനസ്സ് എന്നു പറഞ്ഞാൽ പണം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുക എന്നതല്ല, അതു ചെയ്യുന്നവരുണ്ടാകും. ഫിലോസഫിക്കലായി പറഞ്ഞാൽ ദൈവത്തെ അകലെ നിന്നും ആരാധിക്കുന്നവർ. സർഗ്ഗശേഷിയുള്ള ബിസിനസ്സുകാർ ദൈവവുമായി നേരിട്ട് തായംകളിക്കുന്നവരാണ്. ഇവർ ബിസിനസ്സിലെ പുതിയ ചിന്തകൾകൊണ്ട് പരിസരത്തെ മാറ്റിമറിച്ച് വിപ്ലവം സൃഷ്ടിക്കും. 500 ഡോളറിന് അമേരിക്കക്കാർക്ക് കാറ് വിറ്റ ഹെന്റി ഫോർഡ് ചെയ്തത് ഇത്തരം ഒരു വിപ്ലവമാണ്. ശരിക്ക് പറഞ്ഞാൽ കാർ വിൽപനയിൽ നിന്നുള്ള നഷ്ടം ഫോർഡ് നികത്തിയിരുന്നത് സ്പെയർപാർട്ട്സ് വിറ്റിട്ടാണ്. ഫലമോ അമേരിക്കക്കാർ എല്ലാവർക്കും കാറായി. വ്യായാമം കുറഞ്ഞു.

**സത്യസന്ധതയും സർഗ്ഗാത്മകതയും കൂടി ചേരുമ്പോൾ ആ ബ്രാന്റിന് പിറകിൽ ആളുകൾ അണിനിരക്കും. ദേശീയ തലത്തിൽ ടാറ്റയ്ക്ക് ലഭിച്ച വിശ്വാസ്യത ഇതിനു ഉദാഹരണമാണ്.**

പ്രമേഹവും പ്രഷറും അമിതവണ്ണവും ഫ്രീയായി കിട്ടി. ആപ്പിളിന്റെ സ്റ്റീഫ് ജോബ്സ് കമ്പ്യൂട്ടർ രംഗത്തും പിന്നീട് ഐഫോണിലൂടെയും വിപ്ലവം സൃഷ്ടിച്ചു. മൗസ് ഉപയോഗിച്ച് മൂന്നുവയസ്സുള്ള കുട്ടിക്ക് വരെ വിൻഡോസ് ഉപയോഗിക്കാൻ ബിൽഗേറ്റ്സ് സാധ്യമാക്കി. ഇപ്പോൾ വിദ്യാഭ്യാസ രംഗത്ത് ഉള്ള ബൈജൂസ് ആപ്പ് ഇത്തരത്തിലൊന്നാണ്. ഗൈഡ് ഉപയോഗിച്ച് പഠിക്കുന്ന കുട്ടികൾക്ക് കാലത്തിനനുയോജ്യമായ ഒരു രീതി ബൈജൂസ് കൊണ്ടുവന്നു. ഇനിയുമുണ്ട് ഇത്തരം വിപ്ലവകാരികൾ ഓർമ്മയിൽ നിന്ന് ചിലത് കുറിക്കുന്നു എന്ന് മാത്രം. കേരളത്തിലെ ഇലക്ട്രിസിറ്റി ബോർഡിന്റെ പി



ടിപ്പുകേടുകൊണ്ട് മാത്രമാണ് വീ ഗാർഡ് കൊച്ചൗസേപ്പ് ഒരു സാമ്രാജ്യം പടുത്തുയർത്തിയത്. ഫ്ളക്ച്ച്യുവേഷൻ ഇല്ലാതെ ഇലക്ട്രിസിറ്റി ലഭിക്കുമായിരുന്നെങ്കിൽ ആരും സ്റ്റെബിലൈസറിന്റെ പുറകെ പോകുമായിരുന്നില്ല. ഇവരൊക്കെതന്നെ



ബിസിനസ്സിനെകുറിച്ച് ആലോചിച്ചപ്പോൾ മൂലധനത്തെകുറിച്ച് വ്യാകുലപ്പെട്ടില്ല. കാരണം, അവരുടെ സർഗ്ഗാത്മകതയായിരുന്നു അവരുടെ മൂലധനം. സ്വർണ്ണം പണയംവെയ്ക്കാൻ പഴയകാലത്ത് തലയിൽ മുണ്ടിട്ട് പോയിരുന്ന ആളുകളെ കണ്ടിട്ട് ആയിരിക്കണം മണപ്പുറം നന്ദകുമാർ വിപുലമായ രീതിയിൽ മണപ്പുറം ഫിനാൻസിന് ആധുനിക മുഖം നൽകിയത്. മാത്രവുമല്ല പഴയകാലത്തെ പണ്ടം പണയക്കാർ സാധാരണ ജനങ്ങളെ പരമാവധി ചൂഷണം ചെയ്തി







രുന്നു. ഇതിന് പകരമായി കമനീയമായ ഓഫീസും മറ്റു സൗകര്യങ്ങളും സ്മാർട്ടായ ജോലിക്കാരും കൂടി സ്വർണ്ണ പണയത്തിന് പുതിയൊരു രൂപം നൽകി.

ഫലമോ സ്വർണ്ണപണയം മാന്യമായ പ്രവൃത്തിയായി മാറി. ചില ബ്രാന്റുകളിലും ഈ സർഗ്ഗാത്മകത്വം കാണാം. സത്യസന്ധതയും സർഗ്ഗാത്മകതയും കൂടി ചേരുമ്പോൾ ആ ബ്രാന്റിന് പിറകിൽ ആളുകൾ അണിനിരക്കും. ദേശീയ തലത്തിൽ ടാറ്റയ്ക്ക് ലഭിച്ച വിശ്വാസ്യത ഇതിനു ഉദാഹരണമാണ്. ബിസിനസ്സുകാർ സമൂഹത്തിന്റെ ട്രസ്റ്റിയായി പ്രവർത്തിക്കണമെന്ന ഗാന്ധിയൻ ലൈറ്റ് കിട്ടിയവരിൽ പ്രമുഖരാണ് ടാറ്റ കുടുംബം. അതിനാൽ ടാറ്റയുടെ ഏതു പദ്ധതികളിലും മികച്ച സാമൂഹ്യ ബോധം കാണാം കാരണം സർഗ്ഗാത്മകതകൊണ്ട് പരിസരത്തെ മാറ്റിമറിച്ച വിപ്ളവകാരികളാണ് ഇവരെല്ലാം.

ജെ.ആർ.ഡി ടാറ്റയും പണ്ഡിറ്റ് നെഹ്റുവും തമ്മിൽ നടന്ന ഒരു സംഭാഷണത്തോടെ ഇത് അവസാനിപ്പിക്കാം. നെഹ്റു ഇന്ത്യയിലെ പ്രമുഖ ബിസിനസ്സുകാരെ സൗഹൃദ സംഭാഷണത്തിന് വിളിച്ചു. ഇന്ത്യയെ മുന്നോട്ട് നയിക്കാൻ സംരംഭകരുടെ പിന്തുണ നേടുകയായിരുന്നു ഉദ്ദേശം. മീറ്റിങ്ങിനിടയിൽ നെഹ്റു മൂത്രമൊഴിക്കുന്നതിനായി വാഷ്റൂമിലേക്ക് നടന്നു.

ജെ.ആർ.ഡി യും ഒപ്പമുണ്ടായിരുന്നു. നെഹ്റു വാഷ്റൂമിൽ പോയി തിരിച്ചുവരുന്നതുവരെ ജെ.ആർ.ഡി പുറത്തു നിന്നു. അപ്പോൾ നെഹ്റു ചോദിച്ചു

എന്തിനാ പുറത്ത് നിന്നത് നാലഞ്ച് പേർക്കുള്ള സൗകര്യം ഇവിടെ ഉണ്ടല്ലോ?

ജെ.ആർ.ഡി മറുപടി പറഞ്ഞു.

അതെനിക്ക് അറിയാം പണ്ഡിറ്റ്ജീ. പക്ഷെ നന്നായി പ്രവർത്തിക്കുന്ന എന്ത് കണ്ടാലും അതൊക്കെ ദേശസാൽക്കരിക്കുന്ന ഒരു നയം താങ്കൾക്കുണ്ടല്ലോ, അത് ഭയന്നാണ് പുറത്ത് നിന്നത്. നെഹ്റു പൊട്ടിച്ചിരിച്ചുകൊണ്ട് ജെ.ആർ.ഡി ക്ക് കൈ കൊടുത്തു. നെഹ്റു അറിയപ്പെടുന്ന ഒരു സോഷ്യലിസ്റ്റ് ചിന്താഗതിക്കാരനായിരുന്നല്ലോ.



# കിഴക്കിന്റെ പാദുവ ചെട്ടിക്കാട് വി. അന്തോണീസിന്റെ ഊട്ടുതിരുനാൾ

## (2019 മെയ് 14 ചൊവ്വ)

**കൊടികയറ്റം മെയ് 7** | **എട്ടാമിടം മെയ് 21**

സ്നേഹമുള്ളവരെ,

പ്രളയദിനങ്ങൾക്കുശേഷം പുണ്യവാളന്റെ ഊട്ടുതിരുനാൾ ആഗതമായിരിക്കുന്നു. പ്രളയക്കെടുതിയിൽപെട്ട അനേകായിരങ്ങൾക്ക് അപ്പവും അഭയവുമേകിയ പുണ്യവാളന്റെ കരുതലുള്ള സ്നേഹവും, നാടാകെ പ്രളയത്തിൽ മുങ്ങിയപ്പോഴും വറ്റാത്ത തെളിനീരുകൊണ്ട് ദാഹമകറ്റിയ പുണ്യവാളന്റെ അത്ഭുത കിണറും, പ്രളയംകൊണ്ട് പൊറുതിമുട്ടിയപ്പോഴും ഒരു ചൊവ്വാഴ്ചയിലെ നൊവേനയും നേർച്ചഭക്ഷണവുംപോലും മുടക്കംവരുത്താതെ കാത്തുപരിപാലിച്ച പുണ്യവാളന്റെ സ്വർഗീയ മാദ്ധ്യസ്ഥ്യവും, ഈ തീർത്ഥാടനകേന്ദ്രത്തേയും ഇവിടെ അഭയംപ്രാപിക്കുന്നവരേയും കൈവിടാതെ കാക്കുന്ന പുണ്യവാളന്റെ അത്ഭുതസാന്നിധ്യത്തിന്റെ അടയാളങ്ങൾ തന്നെയാണ്, തീർച്ച.

നമ്മുടെ ജീവിതത്തിലും കുടുംബത്തിലും ജാതി-മത-പ്രായഭേദമെന്യേ ഈ പുണ്യാലയത്തിൽ അഭയം പ്രാപിക്കുന്നവരിലും അനുഗ്രഹദാതാവായ ദൈവം വി.അന്തോണീസിന്റെ മാദ്ധ്യസ്ഥതയിലൂടെ നൽകിക്കൊണ്ടിരിക്കുന്ന അനവധിയായ നന്മകൾക്ക് നന്ദിയർപ്പിച്ചുക്കൊണ്ട് ഈ തിരുനാൾ - നവനാൾ ദിനങ്ങളിൽ നമുക്ക് പങ്കുചേരാം.

കിഴക്കിന്റെ പാദുവയായ ചെട്ടിക്കാടിന്റെ പുണ്യഭൂമിയിലേക്ക്...

വി. അന്തോണീസിന്റെ അഴുകാത്ത നാവിനാൽ അനുഗ്രഹീതമായ ഈ തീർത്ഥാടനകേന്ദ്രത്തിലെ തിരുനാൾ ദിനങ്ങളിലേക്ക്...

താങ്കളേയും കുടുംബത്തേയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഫാ. ജോയ് കല്ലറക്കൽ (റെക്ടർ)**
**ഫാ. വിനു പീറ്റർ പടമാട്ടുമ്മൽ (സഹവികാരി)**

## മെയ് 14 ചൊവ്വ ഊട്ടുതിരുനാൾ ദിന പരിപാടികൾ

6.30 am: ദിവ്യബലി, നൊവേന
**മുഖ്യകാർമ്മികൻ: റവ. ഫാ. ജോയ് സ്രാമ്പിക്കൽ**

8.00 am: ദിവ്യബലി, വചനപ്രഘോഷണം, നൊവേന, ആരാധന
**മുഖ്യകാർമ്മികൻ: റവ. ഫാ. പോൾ തോമസ് കളത്തിൽ**

10.00 am: അഭിവന്ദ്യ പിതാവിന് സ്വീകരണം
**10.15 am: ഊട്ടുസദ്യ ആശീർവാദം**

10.30 am: പൊന്തിഫിക്കൽ ദിവ്യബലി
**മുഖ്യകാർമ്മികൻ: മോസ്റ്റ് റവ. ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
(ആർച്ച്ബിഷപ്പ് എമിരിത്തൂസ്, വരാപ്പുഴ അതിരൂപത)
**വചനപ്രഘോഷണം: റവ. ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ**
തുടർന്ന്: നൊവേന, ആരാധന

1.30 pm: ദിവ്യബലി, നൊവേന (സീറോ മലബാർ റീത്തിൽ)
**മുഖ്യകാർമ്മികൻ: റവ. ഫാ. ജോസ് റാഫി അമ്പൂക്കൻ**

3 pm: ദിവ്യബലി, വചനപ്രഘോഷണം, നൊവേന, ആരാധന
**മുഖ്യകാർമ്മികൻ: റവ. ഫാ. ജോസ് തോമസ് O.Carm**

4.30 pm: ദിവ്യബലി (തമിഴ്), നൊവേന
**മുഖ്യകാർമ്മികൻ: റവ. ഫാ. അരുൺ ജാനി Ode. M**

5.30 pm: ദിവ്യബലി, നൊവേന
**മുഖ്യകാർമികൻ: റവ. ഫാ. ജെയിംസ് അറക്കത്തറ**

6.30 pm: ദിവ്യബലി നൊവേന
**മുഖ്യകാർമികൻ: റവ. മോൺ. ആന്റണി കുരിശിങ്കൽ**

7.30 pm: ദിവ്യബലി, നൊവേന
**മുഖ്യകാർമികൻ: റവ. ഡോ. ഫ്രാൻസിസ്കോ പടമാടൻ**

8.30 pm: ദിവ്യബലി, നൊവേന
**മുഖ്യകാർമികൻ: റവ. ഫാ. ഷാജു മൈക്കിൾ കുരിശിങ്കൽ**

9.30 pm: ദിവ്യബലി, നൊവേന
**മുഖ്യകാർമികൻ: റവ. ഫാ. സാജു കണിച്ചുകുന്നത്ത്**

**2019 മെയ് 15 മുതൽ എട്ടാമിടം വരെ എല്ലാദിവസവും വൈകീട്ട് 5.30ന് ദിവ്യബലി, നൊവേന**




# വോട്ടുപെട്ടിയും പണപ്പെട്ടിയും



ഫ്രാങ്കോ ലൂയിസ്

രണ്ടു മാസത്തോളം നീണ്ട തെരഞ്ഞെടുപ്പു മഹോൽസവം ജനങ്ങളുടെ പണപ്പെട്ടിയെ ബാധിക്കുമോ? മാർച്ച് അവസാന വാരത്തിൽ ആരംഭിച്ചതാണ് ഈ മാമാങ്കം. കഴിഞ്ഞ മാസം 11 ന് ആദ്യഘട്ട വോട്ടെടുപ്പു നടന്നു. 23 നു വോട്ടെണ്ണി ഫലം പ്രഖ്യാപിക്കുന്നതുവരെ ഈ 'മഹാകുംഭമേള'യുടെ ആരവങ്ങളാണ്.

ഫലപ്രഖ്യാപനം വന്നാലും രണ്ടാഴ്ചക്കാലത്തേക്കുകൂടി നേതാക്കളുടെ കോലാഹലങ്ങളുമായിരിക്കും. മന്ത്രിസഭ തട്ടിക്കൂട്ടുന്നതിനുള്ള അണിയറ ചർച്ചകളും കുതിരക്കച്ചവടങ്ങളുമെല്ലാം കാണാം. അടുത്ത മാസം ആദ്യവാരത്തോടെ പുതിയ സർക്കാർ നിലവിൽ വരുന്നതുവരെ അനിശ്ചിതത്വത്തിന്റെ ഉദ്വേഗം.

പൊതു തെരഞ്ഞെടുപ്പു മുതൽ സർക്കാർ രൂപീകരണം വരെയുള്ള രാഷ്ട്രീയ നീക്കങ്ങൾ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ബാധിക്കും.

## നാണ്യപ്പെരുപ്പം

എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 543 ലോക്സഭാ മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാകുന്നതോടെ എഴുപതിനായിരം കോടി രൂപയുടെ ഇടപാടുകളാണ് ഇന്ത്യൻ സാമ്പത്തിക മേഖലയിൽ ഉണ്ടാകുന്നത്. അമ്പതിനായിരത്തോളം കോടി രൂപ തെരഞ്ഞെടുപ്പു നടപടിക്രമങ്ങൾക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ ചെലവാക്കുന്ന തുകയാണ്. ഇരുപതിനായിരത്തോളം കോടി രൂപ പാർട്ടികളും സ്ഥാനാർഥികളും ചെലവാക്കിയതും.

ഇത്രയും തുകയുടെ ഇടപാടുകൾ രാജ്യത്തെ ജനങ്ങളുടെ ക്രയശേഷി വർധിപ്പിക്കും. സാമ്പത്തി

ക വളർച്ചാ നിരക്കിൽ നേരിയതോതിലെങ്കിലും കുതിപ്പുണ്ടാക്കും. വിലവർധനയ്ക്ക് ഇടയാക്കില്ലെങ്കിലും നാണ്യപ്പെരുപ്പം അൽപമെങ്കിലും അനുഭവപ്പെടും. ജനുവരിയിലെ 2.09 ശതമാനത്തിൽനിന്ന് മാർച്ച് മാസം 2.86 ശതമാനമായി നാണ്യപ്പെരുപ്പനിരക്ക് വർധിച്ചു. രണ്ടു മാസത്തേക്ക് നിരക്കുവർധന പ്രതീക്ഷിക്കാം. ഈ മാസത്തെ നാണ്യപ്പെരുപ്പ നിരക്ക് മൂന്നു ശതമാനത്തിനു മുകളിലേക്ക് ഉയരുമെന്നാണു വിദഗ്ധർ പ്രതീക്ഷിക്കുന്നത്.

## കരടികളെ പേടിക്കണം

വോട്ടെടുപ്പു കാലം ഓഹരി വിപണിക്കു ശുഭകരമായ കാലഘട്ടമല്ല. കാളക്കൂറ്റന്മാർ ഇറങ്ങില്ലെന്നു മാത്രമല്ല കരടികൾ ഏതുവഴി ഓടിയെത്തുമെന്നു ഭയന്നു കഴിയേണ്ടിവരും. ഓഹരി പോയിന്റു നില സുസ്ഥിരമാകില്ല.

കമ്പനികളുടെ റിസൾട്ടിലെ പ്രതിഫലനം മാത്രമല്ല സൂചികയെ ഇളക്കുന്നത്. പ്രത്യേകിച്ച് വോട്ടെടുപ്പ് അസ്ഥിര ഭരണത്തിലേക്കുള്ള സൂചികകളാകുമ്പോൾ. സുസ്ഥിര ഭരണത്തിന്റെ ഉറപ്പിലേക്കുള്ള സൂചകങ്ങളായിരുന്നെങ്കിൽ ഓഹരി വിപണിയും നിക്ഷേപ വിപണിയും തളരില്ല. എന്നാൽ രാഷ്ട്രീയത്തിൽ അതല്ല സ്ഥിതി. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബിജെപി നയിക്കുന്ന എൻഡിഎ ഭരണം വരുമെന്ന് ആർക്കും ഉറപ്പില്ല. ആർക്കും ഭൂരിപക്ഷമില്ലാത്ത തൂക്കുസഭയാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. ഏതു പക്ഷത്തിനായാലും സർക്കാർ രൂപീകരിക്കാൻ പുറത്തുനിന്നുള്ള ചെറുകക്ഷികളുടെ പിന്തുണ വേണ്ടിവരും. രാഷ്ട്രീയത്തിലെ അനിശ്ചിതാവസ്ഥ വിപണിയെ തളർത്തും.

സുസ്ഥിര സർക്കർ നിലവിൽ വരുന്നതുവരെ പുതിയ നിക്ഷേപങ്ങൾ മടിച്ചുനിൽക്കും. സുരക്ഷിതത്വവും പ്രതീക്ഷയും ഉണ്ടെങ്കിലേ വിദേശ നിക്ഷേപവും സ്വദേശി നിക്ഷേപവും വരൂ.

## എണ്ണവില

ഇറാനിൽനിന്നുള്ള എണ്ണ ഇറക്കുമതി വീണ്ടും വെട്ടിക്കുറയ്ക്കുകയാണ്. അമേരിക്ക ഉപരോധം ഏർപ്പെടുത്തിയിട്ടുള്ള ഇറാനിൽനിന്ന് എണ്ണ വാങ്ങരുതെന്ന് അമേരിക്ക സമ്മർദം ചെലുത്തുന്നതാണു കാരണം. താരതമ്യേന കുറഞ്ഞ വിലയ്ക്കാണ് ഇറാനിൽനിന്ന് ഇന്ത്യ എണ്ണ തരപ്പെടുത്തിക്കൊണ്ടിരുന്നത്.

അമേരിക്കയുടെ ഉപരോധ സമ്മർദം മൂലം ഇറാനിൽനിന്ന് എണ്ണ വാങ്ങാതായാൽ മറ്റിടങ്ങളിൽനിന്ന് വാങ്ങേണ്ടിവരും. ലോകത്തെ ഏറ്റവും വലിയ എണ്ണ ഉപഭോക്തൃ രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. എണ്ണ ഉൽപാദിപ്പിക്കുന്ന സൗദി അടക്കമുള്ള ഇതര രാജ്യങ്ങളിൽനിന്ന് ഇറക്കുമതി നടത്തേണ്ടിവരും. എണ്ണ ഉൽപാദനം വർധിപ്പിക്കില്ലെന്നാണ് സൗദി അടക്കമുള്ള രാജ്യങ്ങളുടെ തീരുമാനം. ഇന്ത്യയിൽനിന്നുള്ള വർധിച്ച ഡിമാൻഡു കൂടി വരുന്നതോടെ ഈ രാജ്യങ്ങൾ എണ്ണവില വർധിപ്പിക്കും.

കൂടുതൽ വില നൽകി വാങ്ങുന്നതോടെ ഇന്ത്യയിൽ പെട്രോൾ, ഡീസൽ വില വർധിക്കുമെന്നു സാരം. നിരക്കു വർധന ഗതാഗതച്ചെലവും വർധിപ്പിക്കും. നിത്യോപയോഗ സാധനങ്ങളുടെ വിലയും പണപ്പെരുപ്പവും വീണ്ടും നേരിയ തോതിൽ ഉയരാൻ ഇത് ഇടയാക്കും.

**പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബിജെപി നയിക്കുന്ന എൻഡിഎ ഭരണം വരുമെന്ന് ആർക്കും ഉറപ്പില്ല. ആർക്കും ഭൂരിപക്ഷമില്ലാത്ത തൂക്കുസഭയാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. ഏതു പക്ഷത്തിനായാലും സർക്കാർ രൂപീകരിക്കാൻ പുറത്തുനിന്നുള്ള ചെറുകക്ഷികളുടെ പിന്തുണ വേണ്ടിവരും. രാഷ്ട്രീയത്തിലെ അനിശ്ചിതാവസ്ഥ വിപണിയെ തളർത്തും.**

## പലിശ നിരക്ക്

റിസർവ് ബാങ്ക് റീപോ നിരക്ക് നാമമാത്രമായെങ്കിലും കുറച്ചതോടെ ബാങ്കുകൾ പലിശ നിരക്കു കുറച്ചിരിക്കുകയാണ്. രൂപയുടെ മൂല്യം കുറയുന്നതു നിയന്ത്രിക്കാൻ കൂടിയുള്ള നടപടിയാണിത്. നിക്ഷേപങ്ങൾ കുറയാനും വായ്പ ഉദാരമാകുകയും ചെയ്യുന്ന അവസ്ഥ. വായ്പയെടുക്കുന്നവർക്ക് ആശ്വാസകരം. എന്നാൽ ബാങ്കിൽ പണം നിക്ഷേപിക്കുന്നവർക്ക് ഈ നയം അത്ര പ്രോൽസാഹനം നൽകുന്നില്ല. ഇതര നിക്ഷേപ മാർഗങ്ങളിലേക്കു തിരിയാനുള്ള നല്ല തുറവികൾ തേടേണ്ടിവരും.

ഭൂമി ഇടപാടുകളിലെ മാന്ദ്യം തുടരും. സ്വർണത്തിലുള്ള നിക്ഷേപം ആപേക്ഷികമായി. ഡിസംബർ മുതൽ ഫെബ്രുവരി പകുതിവരെ വർധിച്ചുകൊണ്ടിരുന്ന സ്വർണത്തിന്റെ വില താഴോട്ടു പോയി. കുറച്ചുകാലത്തേക്ക് സ്റ്റെഡിയായി നിൽക്കാനാണു സാധ്യത.

## പുതിയ പദ്ധതികൾ

അധികാരത്തിലെത്തുന്ന സർക്കാർ ഏതായാലും പുതിയ ജനപ്രിയ പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കും. പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത പദ്ധതികളിൽ ചിലതു നടപ്പാക്കി ജനങ്ങളുടെ കൈയടി നേടാനുള്ള നീക്കം ജൂലൈയിൽ അവതരിപ്പിച്ചേക്കാവുന്ന ബജറ്റിൽ പ്രതീക്ഷിക്കാം.

ഈ പദ്ധതികൾക്കു പണം കണ്ടെത്താനുള്ള സാമ്പത്തിക നടപടികൾ എന്തെന്നു കാത്തിരുന്നു കാണണം. നിത്യോപയോഗ സാധനങ്ങളുടെ ജിഎസ്ടി നികുതി നിരക്കിൽ വർധന വരുത്താതെ വരുമാനം വർധിപ്പിക്കാനുള്ള ശ്രമങ്ങളാകും പുതിയ സർക്കാർ ബജറ്റിലൂടെ ശ്രമിക്കുക.



# നിശബ്ദമാക്കരുത്, ബനാറസ് ഘരാനയെ!

**കാശി കലാ ധാം ഇന്നും വാരണാസിയിലെ മുതിർന്ന സംഗീതജ്ഞരുടെ സ്വപ്നം. മോദിയുടെ വാഗ്ദാനം നിറവേറിയില്ല.**

**തേജശ്രീ**

**പാ**ട്ടിനും രാഷ്ട്രീയത്തിനും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഒറ്റനോട്ടത്തിൽ ഇല്ലെന്നു തോന്നാം. പക്ഷേ ബന്ധമുണ്ട്., അതും അഭേദ്യമായ ബന്ധം. ഒട്ടേറെ സാമൂഹിക മുന്നേറ്റങ്ങൾക്ക് ഊർജ്ജം പകർന്നിട്ടുണ്ട് ഓരോ കാലത്തിന്റെയും സംഗീതം. സംശയമുള്ളവർക്ക് അത്ര ചെറുതല്ലാത്ത ഉദാഹരണങ്ങളായി നമ്മുടെ നാടൻപാട്ടുകളും നാടകഗാനങ്ങളും വിപ്ലവഗാനങ്ങളും ഒന്നുകൂടി കേൾക്കാം.

ഈ ഇലക്ഷൻകാലത്ത് സംഗീതത്തിന്റെ കാര്യം ഓർമിക്കുന്നതിനു പിന്നിൽ പ്രചാരണത്തിനുപയോഗിച്ച പാരഡി ഗാനങ്ങൾ മാത്രമല്ല. ഈ മാസം അവസാനത്തോടെ രാജ്യഭരണം ആരുടെ കൈകളിലാവുമെന്നതിൽ ഏതാണ്ടുറപ്പുവരും. നമ്മൾ അഞ്ചുവർഷം പിന്നിലേക്കു നോക്കുകയാണ്. 2014ൽ ബിജെപിയുടെ അന്നത്തെ പ്രധാനമന്ത്രി സ്ഥാനാർഥി നരേന്ദ്ര മോദി ലോക്സഭയിലേക്കു മത്സരിക്കുന്നതിനായി വാരണാസി തെരഞ്ഞെടുത്തകാലം. വാരണാസി എന്ന ബനാറസിന് സംഗീതത്തിന്റെ കാര്യത്തിൽ വലിയ പ്രാധാന്യമുണ്ട്. അവിടെയാണ് പ്രശസ്തനായ ബനാറസ് ഘരാന പിറന്നത്. മോദി അവിടെ മത്സരിക്കുകയും വിജയിക്കുകയും ചെയ്തപ്പോൾ ബനാറസിലെ സംഗീതജ്ഞർക്ക് വലിയൊരു സ്വപ്നമുണ്ടായിരുന്നു- നഗരത്തിന്റെ സംഗീതപാരമ്പര്യം കാത്തുസൂക്ഷിക്കാൻ ഒരു മികച്ച അക്കാദമി. അഞ്ചുവർഷത്തിനിപ്പുറവും സംഗീത അക്കാദമി സ്വ

**മോദി എംപിയായതോടെ മണ്ഡലത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നു. ഘട്ടുകൾക്കു കൂടുതൽ വൃത്തിയും സൗന്ദര്യവും വന്നു, ഗംഗാനദി ശുചീകരിച്ചു. അതേസമയം ബനാറസ് ഘരാനയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു അക്കാദമി വേണമെന്ന് ഞങ്ങൾ ഇപ്പോഴും ആഗ്രഹിക്കുന്നു. അതു വന്നില്ലെങ്കിൽ ഞങ്ങളുടെ സംഗീത പാരമ്പര്യം നശിക്കും.**

പ്നമായിത്തന്നെ അവശേഷിക്കുന്നു എന്നതാണ് വാർത്ത. യാഥാർഥ്യമാക്കപ്പെടാതെപോയ വാഗ്ദാനം.

സംഗീതരംഗത്തെ ഇതിഹാസങ്ങളായ ഉസ്താദ് ബിസ്മില്ലാ ഖാൻ, പണ്ഡിറ്റ് രവിശങ്കർ, ഗിരജാ ദേവി, സിദ്ധേശ്വരി ദേവി, പണ്ഡിറ്റ് അനോഖേലാൽ തുടങ്ങിയവരെ സൃഷ്ടിച്ച നഗരമാണ് ബനാറസ്. ഹിന്ദുസ്ഥാനി സംഗീതത്തിൽ തബലയിലെ ആറു പ്രധാന ഘരാനകളിൽ ഒന്നാണ് ബനാറസ് ഘരാന. തബലയുടെ വാദനശൈലിയുമായി ബന്ധപ്പെട്ട ഒരു സാമ്പ്രദായിക രൂപമാണിത്. ഹിന്ദുസ്ഥാനി സംഗീതത്തെക്കുറിച്ചു പറയുമ്പോൾ ബനാറസ് ഘരാനയെക്കുറിച്ചു പ്രതിപാദിക്കാതെ തരമില്ല.




വാരണാസിയിലെ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം ആർക്കു വോട്ടുചെയ്യണമെന്ന കാര്യം തീരുമാനിക്കുന്നതിൽ സംഗീത അക്കാദമി ഒരു വിഷയമാകില്ലായിരിക്കാം. പക്ഷേ നഗരത്തിലെ മുതിർന്ന സംഗീതജ്ഞർ അതിനെ ഏറെ പ്രാധാന്യത്തോടെയാണ് നോക്കുന്നത്. പത്മഭൂഷൺ ജേതാവും പ്രശസ്ത ഗായകനുമായ പണ്ഡിറ്റ് ചന്നു ലാൽ മിശ്ര പറയുന്നത് ഇങ്ങനെ: മോദി എംപിയായതോടെ മണ്ഡലത്തിൽ ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടന്നു. ഘട്ടുകൾക്കു കൂടുതൽ വൃത്തിയും സൗന്ദര്യവും വന്നു, ഗംഗാനദി ശുചീകരിച്ചു. അതേസമയം ബനാറസ് ഘരാനയ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ട ഒരു അക്കാദമി വേണമെന്ന് ഞങ്ങൾ ഇപ്പോഴും ആഗ്രഹിക്കുന്നു. അതു വന്നില്ലെങ്കിൽ ഞങ്ങളുടെ സംഗീത പാരമ്പര്യം നശിക്കും. മുതിർന്ന കലാകാരന്മാരിൽ വളരെക്കുറച്ചുപേരാണ് ഇന്നു ജീവിച്ചിരിക്കുന്നത്. പുതിയ തലമുറയ്ക്ക് ബനാറസി സംഗീതത്തിന്റെ ആഴവും പരപ്പും മനസിലാകണം. പുതിയകാലത്തെ ഗായകർ രണ്ടിനം ഠുംരികൾ മാത്രമാണ് പാടുന്നത്. യഥാർഥത്തിൽ അത് 12 തരമുണ്ട്. അവരെ അതെല്ലാം ആരു പഠിപ്പിക്കും? ഗിരിജാ ദേവി ഇന്നു ജീവിച്ചിരിപ്പില്ല, എനിക്ക് 83 വയസു കഴിഞ്ഞു.

കാശി കലാ ധാം എന്നു പേരിടാനുദ്ദേശിക്കുന്ന അക്കാദമിക്കായുള്ള അവരുടെ കാത്തിരിപ്പു തുടരുകയാണ്. ഫയലുകൾ കേന്ദ്രത്തിലേക്ക് അയച്ചു കഴിഞ്ഞു എന്നുമാത്രമാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. തീരുമാനമെടുക്കുന്നതിലെ താമസം തങ്ങളുടെ കുഴപ്പംകൊണ്ടല്ല എന്നാണ് അവർ പറഞ്ഞുവയ്ക്കുന്നത്.

എന്തിനാണ് ഒരു അക്കാദമി, എന്താണ് അതുകൊണ്ടുള്ള ഗുണം എന്നൊക്കെ ചിന്തിക്കുന്നവരുണ്ടാകാം. ഭാരതീയ സംഗീതത്തിന്റെ അനന്യത കാത്തുസൂക്ഷിക്കാനും, അത് അടുത്ത തലമുറയിലേക്കു പകരാനും അത്തരം സ്ഥാപനങ്ങളുടെ പിൻബലം കൂടിയേതീരൂ എന്നതാണ് ഉത്തരം. ന്യൂയോർക്കിലെ ജൂലിയാർഡ് സ്കൂൾ, ബോസ്റ്റണിലെ ന്യൂ ഇംഗ്ലണ്ട് കൺസർവേറ്ററി ഓഫ് മ്യൂസിക്, ലണ്ടനിലെ റോയൽ അക്കാദമി ഓഫ് മ്യൂസിക് തുടങ്ങിയ വിദേശ സ്ഥാപനങ്ങൾ നൂറ്റാണ്ടുകളായി മികച്ച മാതൃകകളായി പ്രവർത്തിക്കുന്നുണ്ട്.

രാജ്യത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ ഉന്നമനത്തിന് സംഗീതപാരമ്പര്യം എത്രമാത്രം ഉതകുമെന്ന് ആരും പാടിക്കേൾപ്പിക്കേണ്ടതില്ല. വാരണാസിയിൽ ഇനി വരുന്നത് മോദിയോ മറ്റാരുമോ ആകട്ടെ, ഘരാനയുടെ മഹത്വം കാത്തുസൂക്ഷിക്കാൻ ഒരു സ്ഥാപനമെന്ന ആ സംഗീതജ്ഞരുടെ ആവശ്യത്തിനു ചെവികൊടുത്തേ തീരൂ.


SNOW World
അവധിക്കാലം
അടിച്ചുപൊളിക്കാൻ
പുതിയ റൈഡുകളുമായി
ഡ്രീം വേൾഡ്
NEW RIDES
JUNGLE World
HORROR World
ഓരോ ഒഴിവുദിനവും ഡ്രീം വേൾഡിൽ !
സൗത്ത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ വാട്ടർ
റൈഡുകളുള്ള ഡ്രീംവേൾഡിൽ ഇപ്പോൾ
ജംഗിൾ വേൾഡ്, ഹൊററർ വേൾഡ്, സ്നോ വേൾഡ്
എന്നീ പുതിയ റൈഡുകളും ആരംഭിച്ചിരിക്കുന്നു.
വരൂ, മനസ്സു കുളിരുവോളം കളിച്ചുതിമിർക്കൂ
റൈഡ് ഏതായാലും ടിക്കറ്റ് ഒന്ന്
COMING SOON
Dinosaur World
Dream World Water Park
Dream World ®
Water Park
SOUTH INDIA'S No.1 WATER PARK
Athirappilly Road, Kanjirappilly P.O., Chalakudy,
Thrissur - 680 721 Tel/Fax: 0480-2746955, 2746935
E-mail: dreamworldwaterpark@gmail.com
www.dreamworldwaterpark.com
Customer Care:
94470 12345, 94470 66866
Certified Waterpark



# ഇന്ത്യയിലെ കാർഷിക, വ്യാപാര – വ്യവസായമേഖല തകർച്ചയിൽ



ബിന്നി ഇമ്മട്ടി

ഭാരതത്തിലെ ചെറുകിട ഇടത്തരം വ്യാപാരി വ്യവസായികളുടെ തകർച്ച പൂർണ്ണമാക്കിയ നയപരിപാടികളാണ് കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇതിന്റെ ആഘാതം രൂക്ഷമാണ്. സംസ്ഥാനത്തുണ്ടായ ഭീതിതമായ പ്രളയക്കെടുതി വ്യാപാരി വ്യവസായികളുടെ ദുരിതപ്രളയത്തിന് ശക്തി കൂട്ടി.

കേന്ദ്രസർക്കാർ ഒരു സുപ്രഭാതത്തിൽ നടപ്പാക്കിയ നോട്ടുറദ്ദാക്കൽ നടപടി എല്ലാ അർത്ഥത്തിലും ദുരന്തമായിരുന്നുവെന്ന് പിന്നീടുണ്ടായ സംഭവവികാസങ്ങൾ തെളിയിച്ചു. എല്ലാ നിയമസീമകളെയും ലംഘിച്ചുകൊണ്ട് ചില സ്ഥാപിത താല്പര്യക്കാരുടെ സ്വാർത്ഥമോഹങ്ങൾ നടപ്പാക്കാൻ മാത്രമേ നോട്ട് റദ്ദാക്കൽ സഹായിച്ചുള്ളു. മടങ്ങിവന്ന നോട്ട് എത്രയെന്ന് എണ്ണിതിട്ടപ്പെടുത്താൻപോലും 2 വർഷം സമയമെടുത്തു. ഈ നടപടികൊണ്ട് നഷ്ടമാണോ, ലാഭമാണോ ഉണ്ടായതെന്ന് തിട്ടപ്പെടുത്താൻ ഏറ്റവും അനിവാര്യമായത് പ്രചാരത്തിലുള്ള നോട്ടുകളിൽ എത്ര തിരിച്ചെത്തിയെന്ന് കണ്ടുപിടിക്കേണ്ടതായിരുന്നു. സ്വന്തക്കാർക്കും വേണ്ടപ്പെട്ടവർക്കും കണക്കിൽ പെടാത്ത വൻതുകകൾ നിയമസാധുതയുള്ള നിക്ഷേപമാക്കി മാറ്റാൻ കഴിഞ്ഞുവെന്നതൊഴിച്ചാൽ രാജ്യത്തിനോ ജനങ്ങൾക്കോ ഒരുതരി നേട്ടം പോലും ഉണ്ടായില്ല. സമ്പദ് വ്യവസ്ഥയിൽ കനത്ത ആഘാതമേൽപ്പിക്കുംവിധം വൻതുക

**കുത്തകക്കാരുടെ മായിക വലയത്തിൽപ്പെട്ട്, ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ തകർന്നടിഞ്ഞ കർഷകർ ആത്മഹത്യ ചെയ്തപ്പോൾ ഏതാനും വ്യാപാരി വ്യവസായികളും ആ പാത പിൻതുടർന്നു. ലക്ഷക്കണക്കിന് കോടി രൂപ കിട്ടാക്കടമെന്ന പേരിൽ സർക്കാറും ബാങ്കുകളും ചേർന്ന് എഴുതിതള്ളിയപ്പോൾ ആ ലിസ്റ്റിൽ ഒരു ചെറുകിട വ്യാപാരിയോ വ്യവസായിയോ കർഷകനോ ഉണ്ടായിരുന്നില്ല.**



ചിലവാക്കി പുതിയ നോട്ടുകൾ അച്ചടിച്ചുവെങ്കിലും അതിന്റെ നീതിപൂർവ്വമായ വിതരണം സുഗമമാക്കാൻ മാസങ്ങളെടുത്തു. ജനങ്ങൾക്കവകാശപ്പെട്ട അവർ അധ്വാനിച്ചുണ്ടാക്കിയ നിയമസാധുതയുള്ള പണം സ്വന്തം ഇഷ്ടപ്രകാരം ചിലവാക്കാനോ ഉപയോഗിക്കാനോ കഴിയാത്ത ഭീകരസാമ്പത്തികാടിയന്തരാവസ്ഥയാണ് നോട്ട് റദ്ദാക്കലും തുടർനടപടികളും സൃഷ്ടിച്ചത്. ജനങ്ങളുടെ ക്രയശേഷി പൂർണമായും നഷ്ടപ്പെടുകയും നിർമ്മാണമേഖലയടക്കമുള്ള സമസ്തമേഖലകളും നിർജ്ജീവമാകുകയും ചെയ്തു. മുന്നൊരുക്കമോ ചിന്താശേഷിയോ ഇല്ലാതെ അടിച്ചേൽപ്പിച്ച ആ ദുരന്തകാലത്തിന്റെ പ്രത്യാഘാതങ്ങൾ ഇനിയും കെട്ടടങ്ങിയിട്ടില്ല.

നോട്ട് റദ്ദാക്കൽ ദുരന്തത്തിന്റെ പിന്നാലെ വന്ന ജിഎസ്ടി ഇടിവെട്ടേറ്റവനെ വിഷപ്പാമ്പ് കടിച്ചുവെന്ന പരിതാപകരമായ അവസ്ഥയാണ് ഉണ്ടാക്കിയത്. അഖിലേന്ത്യ തലത്തിൽ ഒരു നികുതിയെന്ന വാഗ്ദാനവുമായി അവതരിച്ച ജിഎസ്ടി ലോകത്ത് ഒരിടത്തും ഇല്ലാത്തവിധം 28 ശതമാനം വരെയുള്ള വ്യത്യസ്ത രീതിയിൽ അഞ്ചു നികുതികളാണ് കൊണ്ടുവന്നത്. അമ്പത് ലക്ഷം രൂപ വരെ വിറ്റുവരവ് ഉള്ളവരെ ഒഴിവാക്കുമെന്ന വാഗ്ദാനവും അടിമുടി അട്ടിമറിച്ചു. സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം നിരാകരിച്ച് അഖിലേന്ത്യതലത്തിൽ നികുതി ഏകീകരണം നടത്തിയപ്പോൾ വൻകിടക്കാരോട് മത്സരിച്ച് കച്ചവടം നടത്താൻ ചെറുകിടക്കാർക്ക് കഴിയാതെ വന്നു. പതിനായിരക്കണക്കിന് സ്ഥാപനങ്ങൾ പൂട്ടുകയും ലക്ഷക്കണക്കിന് ജനങ്ങൾ ഉപജീവനമാർഗ്ഗം അടഞ്ഞ് നിരാലംബരാവുകയും ചെയ്തു. കുത്തകക്കാരുടെ മായിക വലയത്തിൽപ്പെട്ട്, ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെ തകർന്നടിഞ്ഞ കർഷകർ ആത്മഹത്യ ചെയ്തപ്പോൾ ഏതാനും വ്യാപാരി വ്യവസായികളും ആ പാത പിൻതുടർന്നു. ലക്ഷക്കണക്കിന് കോടി രൂപ കിട്ടാക്കടമെന്ന പേരിൽ സർക്കാറും ബാങ്കുകളും ചേർന്ന് എഴുതിതള്ളിയപ്പോൾ ആ ലിസ്റ്റിൽ ഒരു ചെറുകിട വ്യാപാരിയോ വ്യവസായിയോ കർഷകനോ ഉണ്ടായിരുന്നില്ല. വിജയ് മല്ല്യ, നീരവ് മോദി തുടങ്ങി പതിനായിരക്കണക്കിന് കോടികൾ തട്ടിച്ച് കടന്ന്കളഞ്ഞവരോട് കാണിക്കുന്ന മൃദുല ഭാവം കർഷകരുടെയും വ്യാപാരി വ്യവസായികളുടെയും കാര്യം വന്നപ്പോൾ ഉണ്ടായില്ല. പത്തോ പതിനഞ്ചോ വരുന്ന വൻകിട കോടീശ്വരന്മാരുടെ മുഖങ്ങൾ മനസ്സിൽ ധ്യാനിച്ച് അവരുടെ ആസ്തികളിൽ ലക്ഷം കോടികളുടെ വളർച്ചയുണ്ടായി എന്നതാണ് അതിന്റെ ബാക്കിപത്രം.

ഓൺലൈൻ വിൽപ്പന പ്രോത്സാഹിപ്പിക്കില്ലെന്ന് ആദ്യകാലങ്ങളിൽ ഉറപ്പ് നൽകി. അധികാരത്തിലേറിയപ്പോൾ നയം മാറ്റി ആമസോൺ, വാൾമാർട്ട് തുടങ്ങിയ ആഗോള കുത്തക ഭീമന്മാരെ പരവതാനി വിരിച്ച് സ്വീകരിക്കാൻ കേന്ദ്ര സർക്കാർ തയ്യാറായത്. കാർഷിക-വ്യാപാരി വ്യവസായ മേഖല തകരാൻ ഇതും കാരണമായി. ഉത്പാദന മേഖല മന്ദീഭവിക്കുകയും മൊത്തം ഉപഭോക്തൃ ഇനങ്ങളുടെ 50 ശതമാനം വിപണനം മൾട്ടിനാഷ്ണൽ കമ്പനികൾ കയ്യടക്കുകയും ചെയ്തു. കഴിഞ്ഞ അഞ്ചുവർഷത്തിനിടിയിൽ ഇന്ത്യയിലെ തൊഴിലവസരരംഗം ഒരിഞ്ചുപോലും മുന്നോട്ട് പോകാതെ മരവിച്ച് നിൽക്കുകയാണ്. തൊഴിലില്ലാത്തവരുടെ എണ്ണം ഭീതിദമായി വർദ്ധിച്ചുവരുന്നു.

പത്തോ പതിനഞ്ചോ വരുന്ന വൻകിട കോടീശ്വരൻമാരുടെ മുഖങ്ങൾ മനസ്സിൽ ധ്യാനിച്ച് ആസ്തികളിൽ ലക്ഷം കോടികളുടെ വളർച്ചയുണ്ടാക്കുന്ന നടപടികളിലാണ് കേന്ദ്രസർക്കാർ വ്യാപൃതമായിട്ടുള്ളത്. പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുമ്പോൾ പാവപ്പെട്ടവന്റെ മുഖം മനസ്സിൽ തെളിയണമെന്ന ഗാന്ധിവചനം ആരും ശ്രദ്ധിക്കുന്നതേയില്ല.

സമ്പന്നർ നിത്യേന തടിച്ച് വീർക്കുകയും പാവപ്പെട്ടവർ വീണ്ടും ശോഷിക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ ജനവിഭാഗങ്ങൾ അനുഭവിയ്ക്കുന്ന ദുരിതപൂർണ്ണമായ ഇന്നത്തെ സാഹചര്യം.



# ജ്യോതി എൻജിനീയറിംഗ് കോളേജ് മികവിന്റെ പാതയിൽ ബഹുദൂരം മുന്നിൽ



**ഫാ. റോയ് ജോസഫ് വടക്കൻ**
**സെക്രട്ടറി & അസി. മാനേജർ**

തൃശൂർ അതിരൂപതയുടെ മാനേജ്മെന്റിലുള്ള ചെറുതുരുത്തി ജ്യോതി എൻജിനീയറിംഗ് കോളേജ് മികവിന്റെ പുതിയ ഉയരങ്ങൾ താണ്ടി രണ്ടാം തവണയും NBA യുടെ അംഗീകാരം നേടി. ജ്യോതിയിലെ കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആന്റ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, മെക്കാനിക്കൽ എന്നീ ബി.ടെക് പ്രോഗ്രാമുകൾക്ക് എൻജിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം നിർണയിക്കുന്നതിൽ അവസാനവാക്ക് എന്ന് വിശേഷിപ്പിക്കാവുന്ന എൻ.ബി.എ. അംഗീകാരം രണ്ടാം തവണയും ലഭിച്ചു. 2022 ജൂൺ വരെ ഇതിന് പ്രാബല്യമുണ്ട്. സിവിൽ എൻജിനീയറിംഗ് ബി.ടെക്കിനും താമസിയാതെ എൻ.ബി.എ. അക്രഡിറ്റേഷൻ പ്രതീക്ഷിക്കുന്നു. രണ്ടു വർഷം മുമ്പ് മെക്കട്രോണിക്സ് ബ്രാഞ്ചിൽ ബി.ടെക് ആരംഭിച്ചിട്ടുണ്ട്.

എൻ.ബി.എക്ക് പുറമെ 'നാക്' ന്റെ അംഗീകാരവും 2021 വരെ കോളേജിന് ലഭിച്ചിട്ടുണ്ട്. രണ്ട് അംഗീകാരവും ഒരുമിച്ച് ലഭിക്കുന്ന അപൂർവ്വം കോളേജുകളിൽ ഒന്നാണ് ജ്യോതി. എൻ.ബി.എ. അംഗീകാരം ലഭിച്ചതോടെ കുട്ടികൾക്ക് കേരള സാങ്കേതിക സർവ്വകലാശാലയുടെ ബി.ടെക് (ഓണേഴ്സ്) ബിരുദം നേടാനുള്ള അവസരമുണ്ട്. പുതിയ കോഴ്സുകൾ ലഭിക്കുന്നതും എൻ.ബി.എ. അക്രഡിറ്റേഷനുള്ള കോളേജുകൾക്ക് മാത്രമാണ്.

ഇവയ്ക്കു പുറമെ ഇപ്പോൾ നാല് എം.ടെക് പ്രോഗ്രാമുകളുണ്ട്. ഓട്ടോമേഷൻ ആന്റ് റോബോട്ടിക്സിലുള്ള അഞ്ചാമത്തെ എം.ടെക് പ്രോഗ്രാമിന് എ.ഐ.സി.ടി.ഇയുടെ അനുമതിയും ലഭിച്ചു.

എ.പി.ജെ.അബ്ദുൾകലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലെ അംഗീകൃത എൻജിനീയറിംഗ് ഗവേഷണകേന്ദ്രം കൂടിയാണ് ജ്യോതി. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഐ.ഐ.ടികൾ, എൻ.ഐ.ടി.കൾ എന്നിവയിൽനിന്ന് ബിരുദാനന്തര ബിരുദവും, ഡോക്ടറേറ്റും നേടിയിട്ടുള്ള പ്രഗത്ഭരായ അധ്യാപകരുടെ സേവനം മികച്ച പഠനനിലവാരം പുലർത്താൻ കുട്ടികളെ സഹായിക്കുന്നു.

2002ൽ പ്രവർത്തനമാരംഭിച്ച കോളേജിന്റെ ആദ്യബാച്ചു മുതൽ ഇൻഫോസിസ്, യു.എസ്.ടി ഗ്ലോബൽ, സി.ടി.എസ് തുടങ്ങിയ ബഹുരാഷ്ട്ര കമ്പനികളും, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് തുടങ്ങിയ പ്രമുഖ സ്ഥാപനങ്ങളും ജ്യോതിയിൽനിന്ന് റിക്രൂട്ട്മെന്റ് നടത്തുന്നു എന്നത് കോളേജിന്റെ മികവിന്റെ തെളിവാണ്. 2019 ബാച്ചിന് ഇതുവരെ 105 പ്ലേസ്മെന്റുകൾ ലഭിച്ചു.

അമേരിക്കയിലെ മാസാച്ച്സെറ്റ്സ് ഇൻസ്റ്റിറ്റ്യൂട്ട് (എം.ഐ.ടി) എന്ന പ്രശസ്ത സ്ഥാപനവുമായി ചേർന്ന് അമ്പത് ലക്ഷം രൂപ മുടക്കി സ്ഥാപിച്ചിരിക്കുന്ന 'ഫാബ് ലാബ്' ആധുനിക സാങ്കേതിക മേഖലയിൽ പരിശീലനം നേടാൻ കുട്ടികളെ സഹായിക്കുന്നു.

മികച്ച പഠന നിലവാരം പുലർത്തുന്ന വിദ്യാർഥികൾക്കും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവർക്കും സർക്കാരും, മാനേജ്മെന്റും നല്കുന്ന സ്കോളർഷിപ്പുകളുണ്ട്. കഴിഞ്ഞവർഷം മാത്രം മൂന്ന് കോടി രൂപക്ക് മേൽ സ്കോളർഷിപ്പ് നല്കിയിട്ടുണ്ട്. കേരള എൻജിനീയറിംഗ് പ്രവേശന പരീക്ഷയിൽ അയ്യായിരത്തിനുള്ളിൽ റാങ്ക് നേടുന്നവർക്ക് പൂർണമായ ഫീസ് സൗജന്യം നല്കും. 25000 വരെ റാങ്കുള്ളവർക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് നല്കിവരുന്നു.

കോളേജിലെ ടെക്നോളജി ബിസിനസ് ഇൻക്യുബേററർ, കേരള സ്റ്റാർട്ട് അപ് മിഷന്റെ അംഗീകാരമുള്ള ഇന്നവേഷൻ ആന്റ് എന്റർപ്രണർ ഡെവലപ്മെന്റ് സെൽ, കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയുടെ കേരളത്തിലെ ഏക അംഗീകൃത സർട്ടിഫിക്കേഷൻ സെന്റർ തുടങ്ങി വിദ്യാർഥികളുടെ സമഗ്ര വ്യക്തിത്വവികസനവും, മൂല്യാധിഷ്ഠിത പരിശീലനവും ലക്ഷ്യമിട്ട് മികച്ച സംവിധാനങ്ങളാണ് കോളേജ് ഏർപ്പെടുത്തിയിരിക്കുന്നത്.

പിന്നിട്ട 17 വർഷങ്ങൾ മികവിന്റെ പാതയിലെ ജൈത്രയാത്രയുടെ തുടക്കം മാത്രമാണെന്ന് അസിസ്റ്റന്റ് മാനേജരും സെക്രട്ടറിയുമായ ഫാ. റോയ് ജോസഫ് വടക്കൻ അനുസ്മരിച്ചു.




# ബിസിനസ് – മൂലധന സമാഹരണം പുതിയ വഴിത്തിരിവിൽ



**രാജേഷ്കുമാർ കെ. പിള്ള,**
ചെയർമാൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ തൃശൂർ ചാപ്റ്റർ

**ഓ**രോ ബിസിനസിന്റെയും സ്വഭാവമനുസരിച്ചാണ് അതിലേക്ക് ആവശ്യമായ മൂലധനത്തിന്റെ അളവും സ്വഭാവവും നിശ്ചയിക്കുന്നത്. ഒരു ബിസിനസിന്റെ ആവിർഭാവം അതിന്റെ സംരംഭകന്റെ സ്വപ്നത്തിൽനിന്നും ആണെന്ന് പറയേണ്ടതില്ലല്ലോ.

തന്റെ സ്വപ്നത്തിന് നിയതമായ ചട്ടക്കൂട് ഉണ്ടാക്കി പ്രായോഗികതലത്തിലേക്ക് കൊണ്ടുവരുന്ന ആളെ അല്ലെങ്കിൽ ആളുകളെ പ്രമോട്ടർ അല്ലെങ്കിൽ പ്രമോട്ടർമാർ എന്ന് പൊതുവെ അറിയപ്പെടുന്നു.

ഒരു പ്രമോട്ടറെ സംബന്ധിച്ച് അദ്ദേഹം ആദ്യം തന്നെ മനസിലുറപ്പിക്കേണ്ടത് തന്റെ വ്യാപാര സ്ഥാപനം അഥവാ വ്യവസായ സ്ഥാപനത്തിന്റെ വളർച്ചാസാധ്യതകളാണ്. അതിനനുസരിച്ച് തന്റെ പ്രസ്ഥാനത്തിന് അനുയോജ്യമായ ബിസിനസ് ചട്ടക്കൂട് തിരഞ്ഞെടുക്കാനാവും (legal structure). ഇതിനായി സ്വയം തീരുമാനങ്ങൾ എടുക്കുന്നതിന് മുമ്പായി ഈ രംഗത്ത് പ്രാഗല്ഭ്യമുള്ള പ്രഫഷണലുകളായ കമ്പനി സെക്രട്ടറി, ചാർട്ടേഡ്/

**ഒരു പ്രമോട്ടറെ സംബന്ധിച്ച് അദ്ദേഹം ആദ്യം തന്നെ മനസിലുറപ്പിക്കേണ്ടത് തന്റെ വ്യാപാരസ്ഥാപനം അഥവാ വ്യവസായ സ്ഥാപനത്തിന്റെ വളർച്ചാസാധ്യതകളാണ്. അതിനനുസരിച്ച് തന്റെ പ്രസ്ഥാനത്തിന് അനുയോജ്യമായ ബിസിനസ് ചട്ടക്കൂട് തിരഞ്ഞെടുക്കാനാവും.**

കോസ്റ്റ് അക്കൗണ്ടന്റ്സ് എന്നിവരുടെ സഹായങ്ങൾ തേടാവുന്നതാണ്. അത്തരം ആൾക്കാരുമായുള്ള ആശയവിനിമയം തങ്ങൾക്കാവശ്യമായ നല്ല ഉൾക്കാഴ്ച ലഭിക്കുവാൻ സഹായിക്കും എന്ന കാര്യത്തിൽ തർക്കമില്ല. ഈ ലേഖനത്തിൽ ഞാൻ ബിസിനസിനാവശ്യമായ മൂലധന സമാഹരണത്തിന്റെ ബാലപാഠങ്ങൾ വായനക്കാരുടെ മുമ്പിലേക്ക് നല്കുവാനാണ് ശ്രമിക്കുന്നതെങ്കിലും ഈ രംഗത്ത് പുതിയ സാധ്യതകളെ പരിചയപ്പെടുത്താൻ കൂടി ശ്രമിക്കുന്നതാണ്.

മുകളിൽ സൂചിപ്പിച്ചത് പോലെ, പ്രസ്ഥാനത്തിന്റെ ലീഗൽ സ്ട്രക്ചർ തിരഞ്ഞെടുക്കുന്നത് അ

തിന്റെ മുമ്പോട്ടുള്ള സാധ്യതകളെ പരിഗണിച്ചാകുന്നതാണ് നല്ലത്. വളരെ ചെറിയ മുതൽമുടക്കിൽ സ്വന്തമായി തുടങ്ങുന്ന ഒരു ബിസിനസാണെങ്കിൽ സ്വന്തം പേരിലോ തങ്ങളുടെ കുടുംബത്തിലെ മറ്റാരുടെയെങ്കിലും പേരിലോ ഒരു വ്യക്തിഗത സ്ഥാപനം അഥവാ പ്രൊപ്രൈറ്ററിഷിപ്പ് ബിസിനസ് മതിയാകും. എങ്കിലും മനസിൽ സൂക്ഷിക്കേണ്ട കാതലായ കാര്യം ഇത്തരം സ്ഥാപനങ്ങളിൽ സ്വന്തം മുടക്കുമുതൽ മാത്രമേ സ്വീകരിക്കാൻ കഴിയൂ എന്നുള്ളതാണ്.

വ്യാപാര കേരളത്തിന്റെ കഴിഞ്ഞലക്കത്തിൽ ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തിയ Booming of Unregulated Deposit Ordinance 2019- ന്റെ പ്രസക്ത ഭാഗങ്ങൾ ഓർക്കുന്നുണ്ടാകുമല്ലോ. ഒരു പ്രൊപ്രൈറ്ററിഷിപ്പ് സ്ഥാപനമാകയാൽ പ്രത്യേകിച്ച് നിയന്ത്രണാധികാരികൾ (Regulators) ഇല്ല എന്നുള്ളത് ആശ്വാസകരമാണ്. എങ്കിലും ധനസമാഹരണം കുടുംബത്തിന് പുറത്തേക്ക് വ്യാപിപ്പിക്കുക പ്രയാസമാണെന്നല്ല, മേൽ സൂചിപ്പിച്ച നിയമത്തിന്റെ കൂടി വരവോടെ അസാധ്യമാണെന്ന് തന്നെ പറയാം.

ഒരു സംരംഭകന് തന്റെ കൈയിൽ ആവശ്യമായത്ര മൂലധനം സ്വരൂപിക്കാൻ കഴിയില്ല എങ്കിലോ ബിസിനസിന്റെ വളർച്ചയ്ക്ക് സാങ്കേതികമായ ജ്ഞാനം അല്ലെങ്കിൽ മാനേജ്മെന്റിലോ മറ്റേതെങ്കിലും അനുബന്ധമേഖലകളിൽ പ്രാവീണ്യം ഉള്ള ആളുകളുടെ സഹായം ആവശ്യമാണെന്നുവരികിൽ പാർട്ണർഷിപ്പ് സ്ട്രക്ചർ സ്വീകരിക്കാവുന്നതാണ്. എന്നാൽ പാർട്ണർഷിപ്പ് വ്യവസ്ഥയിൽ 20 പേരിൽ കൂടുതൽ പാർട്ണർമാരെ കൊണ്ടുവരാൻ കഴിയില്ല. മാത്രമല്ല, പാർട്ണർഷിപ്പിൽ ഏർപ്പെടുമ്പോൾ പാർട്ണർഷിപ്പിന്റെ വ്യവസ്ഥകൾ വളരെ വ്യക്തമായി ആലോചിച്ചും പാർട്ണർമാരാകുന്നവരുടെ ദീർഘകാല താത്പര്യങ്ങളെയും കുറിച്ച് ധാരണയുണ്ടായിരിക്കണം. അത്തരം താൽപര്യങ്ങൾ തങ്ങളുടെ ബിസിനസിന്റെ വളർച്ചയ്ക്ക് വിപരീതമല്ല എന്നുറപ്പ് വരുത്തേണ്ടതാണ്. മാത്രമല്ല പാർട്ണർഷിപ്പ് ഡീഡിൽ ഇത്തരം കാര്യങ്ങൾ കൃത്യമായി പ്രതിപാദിക്കേണ്ടതാണ്. പാർട്ണർഷിപ്പ് ബിസിനസ് വളരെ പ്രചാരത്തിലുള്ള ബിസിനസ് ഫോം ആണെന്ന് എല്ലാവർക്കും അറിയാവുന്നതാണല്ലോ. എന്നാൽ പാർട്ണർഷിപ്പ് ബിസിനസിൽ പാർട്ണർമാർ തമ്മിൽ ഉടലെടുക്കുന്ന അഭിപ്രായവ്യത്യാസങ്ങൾ പലപ്പോഴും വില്ലൻമാരാവുകയും അകാലത്തിൽ തന്നെ ബിസിനസ് അസ്തമനത്തിലേക്ക് പോകുന്ന കാഴ്ച നമുക്കു ചുറ്റും കാണാൻ കഴിയും.

ഇത്തരം പരാജയങ്ങളുടെ പ്രധാനകാരണം ഇന്ത്യൻ പാർട്ണർഷിപ്പ് നിയമത്തിൽ പാർട്ണർമാരുടെ അവകാശങ്ങളും അധികാരങ്ങളും തർക്ക പരിഹാരത്തിനുള്ള മാർഗങ്ങളും വിശദമായി പ്രതിപാദിക്കുകയോ നിയമസാധുത നല്കുകയോ ചെയ്തിട്ടില്ല എന്നതാണ്. പാർട്ണർഷിപ്പിൽ പരമപ്രധാനമായിട്ടുള്ള ന്യൂനത പാർട്ണർമാരുടെ ബാധ്യത പരിധിയില്ലാത്തതാണെന്നുള്ളതാണ് (unlimited liability).

മുകളിൽ സൂചിപ്പിച്ച ന്യൂനതകൾ ഉള്ളപ്പോഴും പാർട്ണർഷിപ്പ് എന്ന ബിസിനസ് രൂപത്തിന് നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട് നമ്മുടെ നാട്ടിൽ. അതിനാൽ ബിസിനസിന്റെ ഘടനയെകുറിച്ച് തീരുമാനിക്കുമ്പോൾ ബിസിനസിന്റെ സാധ്യതകളും സാമ്പത്തിക ആവശ്യങ്ങളും പരിഗണിച്ച് പാർട്ണർഷിപ്പിനെ ഉപയോഗപ്പെടുത്താവുന്നതാണ്. പാർട്ണർഷിപ്പിന്റെ വ്യവസ്ഥകൾ എല്ലാവശങ്ങളും പരിഗണിച്ചാവണം ചിട്ടപ്പെടുത്തേണ്ടതെന്ന് മാത്രം.

പാർട്ണർഷിപ്പിന്റെ വലിയ ന്യൂനതയായ പരിധിയില്ലാത്ത ബാധ്യതക്കൊരു മറുപടിയാണ് 2008ലെ ലിമിറ്റഡ് ലൈബലിറ്റി പാർട്ണർഷിപ്പ് നിയമം. Limited Liability Partnership Act 2008. LLP എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു.

ചെറിയ ബിസിനസുകൾക്ക് ക്ലിപ്തമായ ബാ



ധ്യതക്കും കൃത്യമായ നിയമവ്യവസ്ഥകളും ഉള്ള ഈ സ്ട്രക്ച്ചർ ഉപയോഗിക്കാവുന്നതാണ്. ഈ നിയമത്തിൻകീഴിൽ LLP ബിസിനസ് സ്ട്രക്ച്ചർ വളരെ മുന്നേറും എന്നായിരുന്നു കരുതിയിരുന്ന തെങ്കിലും അത്ര കാര്യമായ പ്രതികരണം സംരം ഭകരിൽ നിന്നും ഉണ്ടായില്ല എന്നത് ശ്രദ്ധേയ മാണ്. അതിന്റെ കാരണം ഉയർന്ന നിലയിലുള്ള compliance -ഉം കർക്കശമായ ശിക്ഷണ നടപ ടികളും ഉയർന്ന നിലയിലുള്ള ഫൈൻ എന്നിവ യാണെന്ന് പല പ്രതികരണങ്ങളിൽനിന്നും അറി വാകുന്നത്.

മുകളിൽ വിവരിച്ച Business Structureകളു ടെ പരിമിതികളാണ് കമ്പനികളുടെ പ്രചുരപ്രചാ രത്തിന് ആധാരം. കമ്പനികൾ കമ്പനി നിയമത്തി ന്റെ ചട്ടക്കൂടിനുള്ളിലാണെന്നതും കമ്പനി നിയ മം ഒരു complete code ആണെന്നതും ഈ ബി സിനസ് സ്ട്രക്ച്ചറിന്റെ പ്രത്യേകതയാണ്. കമ്പ നി രൂപീകരണം മുതൽ കമ്പനി അവസാനിപ്പിക്കു ന്നതുവരെയുള്ള എല്ലാ കാര്യങ്ങളിലും നിയമ ത്തിൽ വ്യക്തമായ വ്യവസ്ഥകളുണ്ട്. സ്വാത ന്ത്ര്യാനന്തര ഭാരതത്തിൽ 1956ലെ കമ്പനി നിയമ ത്തിൻ കീഴിൽ നിലവിൽ വന്ന കമ്പനികളാണ് ഇ ന്ന് വളരെ വികസിച്ച് ഇന്ത്യയിലെന്ന് മാത്രമല്ല, ഇന്ത്യക്ക് പുറത്തും വ്യവസായിക ശൃംഖലകൾ തീർത്തുകൊണ്ടിരിക്കുന്നത്.



2013ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ കമ്പ നി നിയമമാണ് ഇന്ന് നിലനിൽക്കുന്നത്.

കമ്പനികൾ ഇന്ന് വളരെയധികം പ്രചാരം നേ ടിയിട്ടുണ്ട്. കമ്പനികൾ, പൊതുവിൽ കണ്ടുവരുന്ന ത് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ എന്നും (Private Limited ), പബ്ലിക് ലിമിറ്റഡ് കമ്പനികൾ (Public Limited) എന്നും ഉള്ള രണ്ട് വിഭാഗത്തി ലാണ്. കമ്പനികളിൽ മൂലധനത്തിനെ ഓഹരി (Share) എന്നാണ് വിശേഷിപ്പിക്കുന്നത്. മൂലധ നത്തിന്റെ ആവശ്യകത അനുസരിച്ച് പ്രൈവറ്റ് ക മ്പനികളോ പബ്ലിക് കമ്പനികളോ തെരഞ്ഞെടു ക്കാം. മറ്റ് ബിസിനസ് സ്ട്രക്ച്ചറുകളിൽനിന്നും കമ്പനികളെ വ്യത്യസ്തമാക്കുന്നത് കമ്പനി നിയ മപ്രകാരമുള്ള നിയന്ത്രണങ്ങൾ ഒരു വശത്തും മു തൽമുടക്കുന്നവരുടെ (Share holders) ന്റെ അ വകാശാധികാരങ്ങൾ സംരക്ഷിക്കുന്നതിനുള്ള കർ ശനവും സുതാര്യവുമായ വ്യവസ്ഥകളുമാണ്. മാ ത്രവുമല്ല ഒരു പരിധിവരെ ജനാധിപത്യത്തിലധി ഷ്ഠിതമായ ഭരണവ്യവസ്ഥയുമാണ് കമ്പനിനിയ മം നിഷ്കർഷിക്കുന്നത്. കമ്പനികളുടെ ഉടമസ്ഥാ വകാശം ഓഹരി ഉടമകളിലാണെങ്കിൽ അവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും ഡയറ ക്ടേഴ്സ് (Board of Directors) ആണ് കമ്പനി യുടെ ഭരണകാര്യനിർവഹണം നടത്തുന്നത്. ക മ്പനികളെ മറ്റുള്ള ബിസിനസ് രൂപങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്ന ഏറ്റവും പ്രധാന വസ്തുത ഓഹരി ഉടമകൾക്കുള്ള ലിമിറ്റഡ് ലൈബിലിറ്റി യാണ് (Limited Liability). ആയതിനാൽ ഏതൊ രാൾക്കും കമ്പനികളിൽ സധൈര്യം നിക്ഷേപിക്കാ നാകും. കമ്പനി കൾ നഷ്ടത്തിലാ യാലും ഓഹരി ഉ ടമ തന്റെ ഷെയർ സംഖ്യല്ലാതെ ഒന്നും തന്നെ നല് കേണ്ടതില്ല. കമ്പ നികളുടെ ബാധ്യ ത ഓഹരി ഉടമക ളുടേതല്ല.

ബിസിനസി നാവശ്യമുള്ള മൂല ധനത്തിന്റെ വ്യാ പ്തി അനുസരിച്ച് പ്രൈവറ്റ് ലിമിറ്റഡ് വേണമോ അതോ പബ്ലിക് ലിമിറ്റഡ് കമ്പനി വേണമോ എന്നു തീരുമാനി ക്കേണ്ടത്. നിലവിലുള്ള നിയമം അനുസരിച്ച് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയിൽ 200 ഓഹരി ഉടമ കൾ മാത്രമേ ആകാവൂ. എന്നാൽ പബ്ലിക് ലിമിറ്റ ഡ് കമ്പനിക്ക് എത്ര ഓഹരിഉടമകൾ വരെയും ആകാം. 1956ലെ കമ്പനിനിയമത്തിൽ പ്രൈവറ്റ് ക മ്പനികൾക്ക് പബ്ലിക് കമ്പനിയെ അപേക്ഷിച്ച് ധാ രാളം ഇളവുകൾ ഉണ്ടായിരുന്നു എങ്കിലും 2013ലെ നിയമത്തിൽ പബ്ലിക് കമ്പനിയും പ്രൈവറ്റ് കമ്പ നിയും തമ്മിൽ നിയന്ത്രണങ്ങളിലും നിഷ്കർഷ കളിലും കാര്യമായ വ്യത്യാസങ്ങൾ ഇല്ല. എങ്കിലും ചെറിയ മുതൽ മുടക്കുകൾ ഉള്ള സ്ഥാപനങ്ങൾ ക്ക് പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ ഉചിതമാണ്. കാലക്രമത്തിൽ പ്രൈവറ്റ് കമ്പനിയെ പബ്ലിക് ക മ്പനിയായി മാറ്റാവുന്നതാണ്. എന്നാൽ ധനകാ ര്യ സ്ഥാപനങ്ങൾ പബ്ലിക് കമ്പനികളാകുന്നതാ ണ് ഉചിതം. എന്തെന്നാൽ അത്തരം സ്ഥാപനങ്ങൾ ക്ക് വലിയ അളവിലുള്ള മൂലധനനിക്ഷേപം ആ വശ്യമാണെന്നത് തന്നെ.

മുകളിൽ വിവരിച്ച കാര്യങ്ങളിൽ നിന്നും ബി സിനസിന്റെ മൂലധന ആവശ്യകതയും സ്ഥാപന ത്തിന്റെ ലീഗൽ സ്ട്രക്ച്ചറും തമ്മിലുള്ള ബന്ധം വായനക്കാർക്ക് മനസിലായിട്ടുണ്ടാകും എന്ന് ക രുതുന്നു.

(തുടരും....)




# സാമ്പത്തികവർഷ മാറ്റങ്ങൾ



**Antony Varghese**
Antony & Associates
Regency Centre
Calvary Road,West fort
Thrissur.
Ph 0487 2386552

**2019 ഏപ്രിൽ ഒന്ന് മുതൽ പുതിയ സാമ്പത്തിക വർഷം ആരംഭിക്കുകയാണ്. ഇതോടെ പുതിയ ചില മാറ്റങ്ങളും നടപ്പിലാക്കും. നിങ്ങൾ ഓർമ്മിക്കേണ്ടതും അറിയേണ്ടതുമായ പ്രധാനപ്പെട്ട പരിഷ്കാരങ്ങൾ ഇതാ..**




## പാൻകാർഡ്

പാൻ കാർഡ് ആധാറും പാൻ കാർഡും തമ്മിൽ ബന്ധിപ്പിക്കേണ്ട അവസാന തീയതി മാർച്ച് 31 ആയിരുന്നു. എന്നാൽ കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് മാർച്ച് 31 നു ഇറക്കിയ വിജ്ഞാപനപ്രകാരം ഇത് 30 സെപ്തംബർ 2019 വരെ നീട്ടിയിട്ടുണ്ട്. ഇതനുസരിച്ച് ആധാറും പാനും ബന്ധിപ്പിക്കാത്തവരുടെ പാൻ കാർഡുകൾ റദ്ദാക്കുന്നതാണ്. ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നതിനും പാൻ കാർഡും ആധാറും തമ്മിൽ ബന്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

## മ്യൂച്വൽ ഫണ്ട്

മ്യൂചൽ ഫണ്ടുകളിൽ നിക്ഷേപകരിൽ നിന്ന് ഈടാക്കുന്ന ടിഇആറിൽ (ടോട്ടൽ എക്സ്പെൻസ് റേഷ്യോ) ഏപ്രിൽ ഒന്നു മുതൽ മാറ്റം വരുത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ഇക്വിറ്റി സ്കീമുകൾ ഒഴികെയുള്ള മറ്റ് സ്കീമുകൾക്ക് ഒരു




ശതമാനവും ക്ലോസ് എൻഡഡ് സ്കീമുകൾക്ക് 2.25 ശതമാനവും ആയിരിക്കും ഇനി മുതൽ ഈടാക്കുന്ന ടിഇആർ.

## ഡീമാറ്റ്

ഏപ്രിൽ ഒന്നു മുതൽ ഡീമാറ്റ് അക്കൗണ്ടുള്ള ഓഹരികൾക്ക് മാത്രമേ സാധുതയുണ്ടാവുകയുള്ളൂ. സെബി (SEBI) യുടെ നിയമപ്രകാരം ഓഹ




രികൾ വാങ്ങാനും വില്ക്കാനും ഇലക്ട്രോണിക് രൂപത്തിൽ മാത്രമേ സാധിക്കൂ. അതുകൊണ്ട് നിങ്ങൾ സ്റ്റോക്ക് എക്സ്ചേഞ്ച് മുഖേന ഓഹരികൾ വില്ക്കുകയോ വാങ്ങുകയോ ചെയ്യണമെങ്കിൽ ഒരു ഡീമാറ്റ് അക്കൗണ്ട് കൂടിയേ തീരൂ.

## ബാങ്കുകൾ

എല്ലാ ബാങ്കുകളും ഏപ്രിൽ ഒന്ന് മുതൽ ബാഹ്യ ബെഞ്ച്മാർക്ക് നിരക്കിൽ വായ്പ നൽകണം. എസ്ബിഐ ഇതിനകം തന്നെ ഇത് നടപ്പിലാക്കി.

## ജിഎസ്ടി

ജി.എസ്.ടി യിലെ മുഖ്യ മാറ്റങ്ങളിൽ ഒന്ന് സേവന മേഖലക്കും കൂടി കോമ്പോസിഷൻ സമ്പ്രദായം അനുവദിച്ചു എന്നുള്ളതാണ്. ഇത് പ്രകാ




രം ഏപ്രിൽ ഒന്നുമുതൽ സേവനം കൊടുക്കുന്നവർക്കും കോമ്പോസിഷൻ സമ്പ്രദായം സ്വീകരിക്കാം എന്നുള്ളതാണ്. സേവന മേഖലക്കുള്ള ജി.എസ്.ടി കോമ്പോസിഷൻ നിരക്ക് 6 % (സെൻട്രൽ ഗുഡ് സ് ആൻഡ് സർവീസ് ടാക്സ് - സി.ജി.എസ്.ടി. നിരക്ക് 3% വും കേന്ദ്ര ചരക്ക് സേവന നികുതിയും സ്റ്റേറ്റ് ഗുഡ് സ് ആൻഡ് സർവീസ് ടാക്സ് - എസ് .ജി.എസ് .ടി. നിരക്ക് 3% വും)ആണ്. ഈ വ്യവസ്ഥയിൽ അമ്പതു ലക്ഷത്തിൽ താഴെ വിറ്റു വരവുളവർക്കാണ് ഇത് തിരഞ്ഞെടുക്കാൻ പറ്റുക. അന്തർ സംസ്ഥാന വിതരണത്തിൽ ഏർപെട്ടവർക്കു കോമ്പോസിഷൻ സമ്പ്രദായം തിരജെൻടുക്കാനും സാധിക്കുകയില്ല. ഇവർക്ക് നികുതി നിരക്കായ 6 % ടാക്സ് പിരിച്ചെടുക്കാൻ സാധിക്കുകയില്ല

നിലവിലുള്ള കോമ്പോസിഷൻ സമ്പ്രദായത്തിൽ സാധന സാമഗ്രികൾ വില്കുന്നവർക്കുള്ള കോമ്പോസിഷൻ പരിധി ഒരു കോടിയിൽ നിന്ന് ഒന്നര കോടിയായായി ഉയർത്തി. ഇത് ഒരുപാടു വ്യാപാരികൾക്ക് ഉപകാരപ്രദമാണ്

നിർബന്ധമായും ജി.എസ്.ടി രെജിസ്ട്രേഷൻ എടുക്കുന്നതിനുള്ള നിലവിലുള്ള പരിധിയായ ഇരുപതു ലക്ഷത്തിൽ നിന്ന് നാൽപതു ലക്ഷമായി ഉയർത്തി. ജി.എസ്.ടി ഉപദേശക സമിതിയുടെ നിർദേശപ്രകാരം അത് നിശ്ചയിക്കുന്നതിനുള്ള അവസരം സംസഥാനങ്ങൾക്കു കൊടുത്തിരുന്നു.ചില സംസ്ഥാനങ്ങൾ ഒഴികെ മറ്റുള്ളവയെല്ലാം പരിധി നാൽപതു ലക്ഷമായി ഉയർത്തി. ചില ഉത്തേരേത്യൻ സംസഥാനങ്ങളിൽ പത്തു ലക്ഷമായിരുന്നതു ഇരുപതു ലക്ഷമായി ഉയർത്തി. ഇതുപ്രകാരം നിലവിൽ ജി.എസ്.ടി രജിസ്ട്രേഷൻ ഉള്ളവർക്ക് ജി.എസ്.ടി യുടെ ചട്ടക്കൂടിൽ നിന്ന് പുറത്തു പോകാൻ ഉള്ള അവസരം ഉണ്ട്. ഈ മാറ്റം സാധനസാമഗ്രികൾ വില്കുന്നവർക്കു മാത്രമാണ്. സേവന മേഖലക്കുള്ള പരിധി ഇരുപതു ലക്ഷമായി തുടരും. അന്തർ സംസ്ഥാന വിതരണത്തിൽ ഏർപെട്ടവർക്കു ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമാണ് . അവർക്കു പരിധി ബാധകമല്ല .മാത്രമല്ല മുൻപ് പറഞ്ഞത് പോലെ അവർക്കു കോമ്പോസിഷൻ സമ്പ്രദായം തിരഞ്ഞെടുക്കാനും സാധിക്കുകയില്ല. ജി.എസ്.ടി രെജിസ്ട്രേഷൻ പരിധി പത്തുലക്ഷം ഉള്ള സംസഥാനങ്ങൾ - മണിപ്പൂർ, മിസോറാം, നാഗാലാൻഡ് , ത്രിപുര എന്നിവയാണ്. ജി.എസ്.ടി രെജിസ്ട്രേഷൻ പരിധി ഇരുപതു ലക്ഷം ഉള്ള സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ - അരുണാചൽ പ്രദേശ് , മേഘാലയ, പുതുച്ചേരി, സിക്കിം, തെലങ്കാന, ഉത്തരാഖണ്ഡ് എന്നിവയാണ്. ബാക്കിയുള്ള സംസഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും പരിധി നാൽപതു ലക്ഷമാണ്

നേരത്തെയുള്ള തീരുമാനപ്രകാരം പുതിയ ജി.എസ്.ടി റിട്ടേൺ ഫോമുകൾ ഏപ്രിൽ ഒന്ന് മുതൽ പ്രായോഗികമാക്കേണ്ടത് ജൂലൈ 2019 ലേക്ക് മാറ്റി വെച്ചു

ഭവന നിർമ്മാണത്തിനായുള്ള പുതിയ ജി എസ് ടി നിരക്കുകളും, വ്യവസ്ഥകളും - 2019 ഏപ്രിൽ 1 മുതൽ ഡെവലപ്പർമാർക്കും, നിർമ്മാതാക്കൾക്കും, നിലവിൽ പണി നടന്നു കൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും, ജി.എസ്.ടി. പഴയ നിരക്കുകൾ അനുസരിച്ച് ഒന്നുകിൽ നിലവിലുള്ള നിരക്കായ 12% മോ (ഇൻപുട്ട് ടാക്സ് ക്രെഡിറ്റോടുകൂടി) അല്ലെങ്കിൽ പുതിയ നികുതി നിരക്കായ 5% (ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഇല്ലാതെ)മോ തിരഞ്ഞെടുക്കാൻ അവസരം ഉണ്ടാകും.




45 ലക്ഷം രൂപയിൽ താഴെ വിലവരുന്ന അഫോഡബ്ൾ ഹൗസ് വിഭാഗത്തിൽ പെട്ട ചെറുവീടുകള്‍ക്ക് എട്ട് ശതമാനത്തിൽ നിന്ന് ഒരു ശതമാനമായും ജിഎസ്ടി കുറച്ചിട്ടുണ്ട്.

2017-2018 വർഷത്തെ ജി.എസ്.ടി വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള തിയതി 2019 ജൂൺ 30 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. സാധാരണ ജി.എസ്.ടി നികുതിദായകന് (റെഗുലർ രെജിസ്ട്രേഷൻ) ജി.എസ്.ടി വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോം ജി.എസ്.ടിആർ ഒമ്പതു (GSTR-9)ആണ്. ജി.എസ്.ടി യിൽ കോമ്പോസിഷൻ സമ്പ്രദായത്തിൽ രെജിസ്ട്രേഷൻ എടുത്തവർക്കു ജി.എസ്.ടി വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോം ജി.എസ്.ടിആർ ഒമ്പതു-G (GSTR-9A) ആണ്. ഇത് കൂടാതെ വാർഷിക വിറ്റുവരവ് രണ്ടു കോടിയിൽ മുകളിൽ ഉള്ളവർക്ക് ജി.എസ്.ടി ഓഡിറ്റ് റിപ്പോർട്ട് കൂടി സമർപ്പിക്കേണ്ടതാണ്. ഇതിനായി ജി.എസ്.ടിആർ ഒമ്പതു-സി (GSTR-9C) ആണ് ഉപയോഗിക്കുന്നത്. ജി.എസ്.ടി വാർഷിക റിട്ടേണും ജി.എസ്.ടി ഓഡിറ്റ് റി

പ്പോർട്ടും നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജി.എസ്.ടി നിയമപ്രകാരം ഉള്ള പിഴയും ശിക്ഷ നടപടികളും ഉണ്ടാകുന്നതാണ്

ജിഎസ്ടി വരുമാനം ഒരു ലക്ഷം കോടി രൂപ! ഇക്കഴിഞ്ഞ മാർച്ചിൽ രാജ്യത്തിന് ചരക്കു സേവന നികുതിയിലൂടെ ലഭിച്ചത് 1,06,577 കോടി രൂപ. 2018-19 സാമ്പത്തിക വർഷത്തെ ജിഎസ്ടി മാസശരാശരി 98,114 കോടി രൂപയാണ്. 2017-18 ൽ ലഭിച്ചതിനേക്കാൾ 9.2 ശതമാനം അധികമാണിത്.

ജി.എസ്.ടി ഇൻവോയ്സ് ശ്രേണി - ജി.എസ്.ടി നിയമത്തിലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവീസ് ടാക്സ് വ്യവസ്ഥ 46 (b) 2017 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലേയും ഇൻവോയ്സ് ശ്രേണി വ്യത്യസ്തമായിരിക്കണം എന്ന് അനുശാസിക്കുന്നു. അത് ക്രമാനുഗതമായാ ശ്രേണിയിലും പക്ഷെ പതിനാറു കാരക്യേഴ്സിനുള്ളിൽ ഒന്നോ അതിലധികമോ പരമ്പരകളിൽ, അക്ഷരങ്ങളോ അക്കങ്ങളോ പ്രത്യേക പ്രതീകങ്ങളോ അടങ്ങിയിരിക്കുന്നതായിരിക്കണം. '-" അല്ലെങ്കിൽ '/" തുടങ്ങിയചിഹ്നങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. കോമ്പോസിഷൻ സമ്പ്രദായത്തിൽ ഉള്ളവർക്കും ഇത് ബാധകമാണ്. നികുതിദായകർ ഇത് പാലിച്ചില്ലെങ്കിൽ, ഭാവിയിൽ ഇ-വേ ബിൽ ഉണ്ടാക്കുമ്പോഴും ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരും

## ഇപിഎഫ്

ഏപ്രിൽ ഒന്ന് മുതൽ ജോലി മാറുന്നതിനൊപ്പം ഇപിഎഫ് അക്കൗണ്ട് കൈമാറ്റം ചെയ്യുന്നതിന് പ്രത്യേക അപേക്ഷ നൽകേണ്ടതില്ല. ഇ.പി.എഫ് ട്രാൻസ്ഫർ ഓട്ടോമാറ്റിക്കായി തന്നെ നടന്നു കൊള്ളും.

## ഇൻകം ടാക്സ്

**നികുതി റിബേറ്റ്**

അഞ്ച് ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ളവർക്ക് നികുതി നൽകേണ്ട ആവശ്യമില്ല. കൂടാതെ 12,500 രൂപയുടെ നികുതി റിബേറ്റ് ലഭിക്കും. നേരത്തെ 2500 രൂപയാണ് നികുതി റിബേറ്റ് ആയി ലഭിച്ചിരുന്നത്. എന്നാൽ അഞ്ച് ലക്ഷത്തിൽ കൂടുതൽ വരുമാനമുള്ളവർക്ക് രണ്ടര ലക്ഷം മുതലുള്ള വരുമാനത്തിന് നികുതി നൽകണം. വ്യത്യസ്തമായ നികുതി നിക്ഷേപങ്ങളിലൂടെ 10 ലക്ഷം വരുമാനമുള്ളവർക്കും ബജറ്റിലെ നികുതിയിളവ് നേടാം




**സ്റ്റാൻഡേഡ് ഡിഡക്ഷൻ**

സ്റ്റാൻഡേഡ് ഡിഡക്ഷൻ 50000 രൂപയായി ഉയർത്തി. നേരത്തെ 40,000 രൂപ ആയിരുന്നു സ്റ്റാൻഡേർഡ് ഡിഡക്ഷൻ. ശമ്പള ജീവനക്കാർക്കാണ് ഇതിന്റെ നേട്ടം കൈവരിക്കാൻ ആവുക

**വാടക വീട്**

ഒന്നിൽ കൂടുതൽ വീടുകളുള്ളയാൾ താമസിക്കുന്ന വീട് അല്ലാതെ മറ്റ് വീടുകൾ ഒഴിച്ചിട്ടിരിക്കുകയാണെങ്കിൽ അതിന് കിട്ടാവുന്ന വാടക കണക്കാക്കി നികുതി നൽകണമെന്നായിരുന്നു വ്യവസ്ഥ. എന്നാൽ ഇനി മുതൽ ആ വ്യവസ്ഥ ബാധകമല്ല.

സ്ഥിര നിക്ഷേപത്തിന്മേലുള്ള ടി.ഡി.എസ് പ്രാരംഭ പരിധി 10,000 രൂപയിൽ നിന്ന് 40,000 ആയി ഉയർന്നു.

നികുതി റിട്ടേൺ സമർപ്പിക്കാൻ ആധാർ നമ്പർ നിർബന്ധമാക്കി

വാടകയുടെ മേൽ ടി.ഡി.എസ് പിടിക്കുന്നതിനുള്ള പ്രാരംഭ പരിധി 1,80,000/-ൽ നിന്ന് 2,40,000/- ആയി ഉയർത്തി.




East Fort, **THIRUVANANTHAPURAM.** Ph: 0471-2570481 • Boat Jetty Road, **ALAPPUZHA.** Ph: 0477-2230071 • Dharmodhayam Building, Round East, **THRISSUR.** Ph: 0487-2331812 • T.B. Road, **KOTTAYAM.** Ph: 0481-2565015, 0481-2565016 • Hospital Road, **PERINTHALMANNA.** Ph: 04933-229637 • Near Municipal Bus Stand, R.S.Road, **PALAKKAD.** Ph: 0491-2530916.

/josalukkasjewellery TAMIL NADU | KARNATAKA | KERALA | ANDHRA | TELANGANA | PONDICHERRY Jos Alukkas group